# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5110** **27/06/2019-ൽ മറുപടിയ്ക്ക്**

### ആരോഗ്യ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വീണ്ടും നിപ വൈറസ് പ്രത്യക്ഷപ്പെട്ട സാഹചര്യത്തിൽ ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | എ) രോഗം നേരത്തെ തന്നെ കണ്ടെത്തുന്നതിന് രോഗസ്ഥിരീകരണത്തിനാവശ്യമായ (വൈറോളജി ടെസ്റ്റുകൾ), ലാബ് സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. എൻ.ഐ.വി പൂനെയുടെ സഹായത്തോടെ കളമശ്ശേരി മെഡിക്കൽ കോളേജിൽ പോയിന്റ് ഓഫ് കെയർ ടെസ്റ്റ് ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. വൈറസ് വാഹകരായ ജീവികളെ കണ്ടുപിടിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്കിടയിൽ ഉചിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആശുപത്രികളിൽ നിന്നുമുള്ള അണുബാധ തടയുവാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടമാവുന്ന രോഗിയുടെ രക്തം, മൂത്രം, തൊണ്ടയിലെയും, മൂക്കിലെയും സ്രവം, സുക്ഷ്മ സ്രവം (സി.എസ്.എഫ്) എന്നിവ വൈറോളജി ടെസ്റ്റിനായി അയച്ചിരുന്നു. രോഗം സ്ഥിരീകരിച്ച രോഗിയെ ഐസോലേറ്റ് ചെയ്യുകയും അവരുമായി അടുത്തിടപഴകിയവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെയും നിരീക്ഷിക്കുകയും ചെയ്തു. ഇതിനോടൊപ്പം തന്നെ ബോധവത്കരണവും, പ്രതിരോധ നടപടികളും ആരോഗ്യ പ്രവർത്തകർ വഴിയും, സാമൂഹിക-വാർത്താ മാധ്യമങ്ങൾ വഴിയും ഉറപ്പാക്കി. ഡിസംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ - ഡിസംബർ മാസങ്ങളിൽ തന്നെ ജില്ലകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും, |

|  |  |  |  |
|---|---|---|---|
|  |  |  | ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്തിരുന്നു. ആവശ്യമായ മരുന്നുകളുടെയും, വ്യക്തിഗത സുരക്ഷാ സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. |
| ബി) | കോഴിക്കോട് കേന്ദ്രീകരിച്ച് വൈറോളജി ലാബ് സ്ഥാപിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇതിന് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ബയോസേഫ്റ്റി ലെവൽ-III വൈറോളജി ലാബ്, സിവിൽ വർക്കുകൾക്കായി 5.5 കോടി രൂപയും ഉപകരണങ്ങൾക്കായി 1.8 കോടി രൂപയും ചെലവഴിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനായി കേന്ദ്ര-സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് റിസർച്ച് 3.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | രോഗ നിരീക്ഷണത്തിനും ഗവേഷണത്തിനുമായി യു.എസ്. ലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ രോഗ നിരീക്ഷണ-ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | സി) | തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |
| ഡി) | കഴിഞ്ഞ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ഐസോലേഷൻ വാർഡിൽ ജോലി ചെയ്ത് പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ? | ഡി) | കഴിഞ്ഞ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ഐസൊലേഷൻ വാർഡിൽ ജോലി ചെയ്ത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധനയിലാണ്. നിപ നിയന്ത്രണത്തിൽ സജീവമായി ഇടപെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തിച്ച കരാർ/ദിവസ വേതനക്കാർക്ക് ഇപ്പോൾ കോഴിക്കോട് ജില്ലയിലെ വിവിധ ആശുപത്രികളിൽ തുടർച്ചയായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**